**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3385** **01-03-2023 - ൽ മറുപടിയ്ക്ക്**

**കട്ടിപ്പാറ വില്ലേജിലെ ജനങ്ങൾക്ക് ഭൂനികുതി ഒടുക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം.കെ . മുനീർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ വില്ലേജിൽ പതിനഞ്ചാം വാർഡിൽ ഉൾപ്പെടുന്ന രണ്ട് കണ്ടി പ്രദേശത്തെയും പതിനാലാം വാർഡിൽ ഉൾപ്പെടുന്ന വട്ടച്ചുഴലി പ്രദേശത്തെയും നാല്പതോളം കുടുംബങ്ങൾക്ക് അവരുടെ പേരിലുള്ള വസ്തുവിന് നികുതി ഒടുക്കുന്നതിനോ വസ്തു സംബന്ധമായ രേഖകൾ നൽകുന്നതിനോ റവന്യൂ അധികാരികൾ തയ്യാറാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോഴിക്കോട് ജില്ലയിലെ താമരശ്ശേരി താലൂക്കിലെ കട്ടിപ്പാറ വില്ലേജിൽ രണ്ടുകണ്ടി-വട്ടച്ചുഴലി ഭാഗത്ത് പുഴ പുറമ്പോക്ക് കൈവശം വച്ച് വരുന്നവർക്ക് കരം അടയ്ക്കാൻ കഴിയുന്നില്ല എന്നത് സംബന്ധിച്ച് കോഴിക്കോട് ജില്ല കളക്ടർ ലാൻഡ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത റിപ്പോർട്ട് പ്രകാരം പുഴയോട് ചേർന്ന പുറമ്പോക്ക് വസ്തുവിന് ചേർന്നുള്ള വസ്തുക്കളുടെ സർവ്വെ നമ്പർ രേഖപ്പെടുത്തി ആധാരം ചെയ്തു കിട്ടിയ വസ്തുക്കൾ 2014 വരെ കരം ഒടുക്കി വന്നിരുന്നു. പ്രസ്തുത 39 പേർ കരം ഒടുക്കി കൈവശം വെച്ച് വന്നിരുന്നത് പുഴ പുറമ്പോക്ക് വസ്തുവാണെന്ന് കണ്ടെത്തിയതിനെ തുടർന്നാണ് 2014 വർഷം മുതൽ കരം അടച്ചു നൽകാൻ കഴിയാതെ വന്നിട്ടുള്ളത്. |
| (ബി) | ആയത് സംബന്ധിച്ച് നിലവിൽ കോഴിക്കോട് കളക്ടറേറ്റിലോ ലാൻഡ് റവന്യൂ കമ്മീഷണറേറ്റിലോ ഏതെങ്കിലും ഫയൽ ഉണ്ടോ; എങ്കിൽ ഫയൽ നമ്പർ ലഭ്യമാക്കുമോ; | (ബി) | കോഴിക്കോട് കളക്ടറേറ്റിൽ DCKKD/8069/2017-L2 നമ്പരായും ലാൻഡ് റവന്യൂ കമ്മീഷണറേറ്റിൽ LR/6332/2021-LR(B8)J12 നമ്പരായും ഫയലുകൾ നിലവിലുണ്ട് |
| (സി) | പ്രസ്തുത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഭൂനികുതി ഒടുക്കുന്നതിനും ഭൂമി ക്രയവിക്രയം നടത്തുന്നതിനും വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | കേരള ഭൂമി പതിവ് ചട്ടങ്ങൾ 1964-ലെ ചട്ടം 1A(vi) പ്രകാരം ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമായ വസ്തുക്കൾ പതിച്ചു നൽകാൻ നിർവാഹമില്ലാത്തതാണ്. കൂടാതെ, ജഗ്പാൽസിംഗ് Vs സ്റ്റേറ്റ് ഓഫ് പഞ്ചാബ് എന്നിവർ കക്ഷികളായുള്ള CIVIL APPEAL NO.1 132/2011 @ SLP(C) NO. 3109/2011 നമ്പർ കേസിലെ ഉത്തരവിൽ പുഴ, തോട് പുറമ്പോക്കുകകൾ പതിവിന് വിധേയമല്ല എന്ന് സുപ്രീം കോടതി ഉത്തരവായിട്ടുള്ളതാണ്.<br><br>ആകയാൽ, മേൽ പരാമർശിത പ്രദേശത്തെ പുഴ പുറമ്പോക്ക് പതിച്ചു നൽകുന്നത് സംബന്ധിച്ച് |

| | | | |
|---|---|---|---|
| | | | നിയമവശങ്ങൾ പരിശോധിച്ച് മാത്രമേ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ